**മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം**

**സംഗ്രഹം**

തുല്യത - ഇതര സർവകലാശാലകളുടെ വിദൂരവിദ്യാഭ്യാസ കോഴ്സുകൾക്ക് മഹാത്മാഗാന്ധി സർവകലാശാലയുടെ വിദൂര വിദ്യാഭ്യാസ കോഴ്സുകളുമായി നൽകിയിരുന്ന തുല്യതാ അംഗീകാരം 2014 വർഷം വരെ പ്രസ്തുത സർവകലാശാലകളിൽ പ്രവേശനം നേടിയവർക്കായി നിജപ്പെടുത്തുകയും അതിനു ശേഷം പ്രവേശനം നേടിയവർക്ക് ഉപരിപഠനത്തിനു യോഗ്യതാസാക്ഷ്യപത്രം നൽകുന്നതിനും തീരുമാനിച്ചു - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**അക്കാദമിക് ഡി സെക്ഷൻ**

നമ്പർ. 1654/AC D/2019/എം.ജി.യു                പ്രിയദർശിനി ഹിൽസ്,തീയതി: 17.04.2019

---

പരാമർശം:-1 ) സ.ഉ.നം 574/എസിഡി/04/6475/അക്കാദമിക്/2017 ,തീയതി 22/01/2018
2)സ.ഉ.നം 2570/എസിഡി/04/8996/അക്കാദമിക്/2017 ,തീയതി 14/03/2018
3)16.02.2019 ന്റെ കൂടിയ അക്കാദമിക് കൗൺസിൽ യോഗത്തിന്റെ നടപടികുറിപ്പ് ഇനം നം .54/ Ac.19/185316 (18/08/2019 ന്റെ കൂടിയ സിൻഡിക്കേറ്റ് യോഗത്തിൽ (19.02) ഇനം നമ്പർ 01/19.02/190182 ആയി സമർപ്പിച്ചത്.)

**ഉത്തരവ്**

2014 അധ്യയനവർഷത്തോടെ മഹാത്മാഗാന്ധി സർവകലാശാല വിദൂരവിദ്യാഭ്യാസ പ്രോഗ്രാമുകൾ നിർത്തലാക്കിയതിന്റെ അടിസ്ഥാനത്തിൽ മഹാത്മാഗാന്ധി സർവകലാശാലയുടെ വിദൂരവിദ്യാഭ്യാസ പ്രോഗ്രാമുകളുമായി തുല്യത അംഗീകരിച്ചിരുന്ന മധുര കാമരാജ് സർവകലാശാലയുടെ എം കോം(വിദൂര വിദ്യാഭ്യാസം), അണ്ണാമലൈ സർവകലാശാലയുടെ എം.എസ്.സി കപ്യൂട്ടർ സയൻസ് (വിദൂര വിദ്യാഭ്യാസം) എന്നിവയുടെ തുല്യതാ അംഗീകാരം യഥാക്രമം സൂചന 1, 2 ൽ പരാമർശിക്കുന്ന സർവകലാശാലാ ഉത്തരവുകൾ പ്രകാരം ടി സർവകലാശാലകളിൽ 2014 വർഷമോ അതിനു മുൻപോ അഡ്മിഷൻ നേടിയിട്ടുള്ളവർക്ക് വരെ മാത്രമായി നിജപ്പെടുത്തുകയുണ്ടായി.

സമാനമായ മറ്റു കോഴ്സുകളുടെ തുല്യതാ അംഗീകാരവും ഇതേ പോലെ പരിമിതപ്പെടുത്തുന്ന വിഷയം 16.02.2019 ന്റെ കൂടിയ അക്കാദമിക് കൗൺസിൽ യോഗം പരിഗണിക്കുകയും പരാമർശം (3) പ്രകാരം ഇതര സർവകലാശാലകളുടെ വിദൂരവിദ്യാഭ്യാസ കോഴ്സുകൾക്ക് മഹാത്മാഗാന്ധി സർവകലാശാലയുടെ വിദൂരവിദ്യാഭ്യാസ കോഴ്സുകളുമായി നൽകിയ തുല്യതാ അംഗീകാരം 2014 പ്രവേശന വർഷത്തിലോ അതിനു മുൻപോ പ്രസ്തുത സർവകലാശാലകളിൽ പ്രവേശനം നേടിയവർക്കായി നിജപ്പെടുത്തുന്നതിനും 2014 ന് ശേഷം പ്രവേശനം നേടിയവർക്ക് ഉപരിപഠനത്തിനു യോഗ്യതാസാക്ഷ്യപത്രം നൽകുന്നതിനും തീരുമാനിച്ചു.

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

Draft #1 of File 10329/AC D/2/2019/AC D Approved by ASSISTANT REGISTRAR III ACADEMIC on 17-Apr-2019 09:39 AM - Page 1

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

ദിലീപ് കുമാർ ആർ

അസിസ്റ്റന്റ് രജിസ്ട്രാർ 3 (അക്കാദമിക്)
രജിസ്ട്രാർക്ക് വേണ്ടി

പകർപ്പ്

1) പ്രൈവറ്റ് സെക്രട്ടറി (വി.സി./പി.വി.സി.)
2) രജിസ്ട്രാർ/പരീക്ഷാ കൺട്രോളർ എന്നിവരുടെ പി.എ
3) ജെ.ആർ./ ഡി.ആർ.(അക്കാദമിക് വിഭാഗം)
4) എ.സി.സി.സെക്ഷൻ
5) കണ്ടന്റ് മാനേജ്മെന്റ് സെക്ഷൻ
6) ഐ.ക്യൂ.എ.സി.
7) കരുതൽ ഫയൽ/ ഫയൽ പകർപ്പ്

Draft #1 of File 10329/AC D/2/2019/AC D Approved by ASSISTANT REGISTRAR III ACADEMIC on 17-Apr-2019 09:39 AM - Page 2

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം